# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **20.12.2012 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 2903**

### മങ്കട മണ്ഡലത്തിൽ പട്ടിയിൽ പറമ്പിൽ ഒരു എൽ.പി. സ്ക്കൂൾ

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

(എ) മങ്കട മണ്ഡലത്തിലെ കൂട്ടില - ങ്ങാടി ഗ്രാമ പഞ്ചായത്തിലെ കോളനി പ്രദേശമായ പട്ടിയിൽ പറമ്പിൽ ഒരു എൽ.പി. സ്ക്കൂൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വരുന്ന ഈ കാല യളവിൽ എസ്.സി. കോളനികളി ലെയും, സമീപ നിവാസികളുടെ യും യാത്രാ ക്ലേശത്തിന് അറുതി വരുത്താൻ പട്ടിയിൽ പറമ്പിൽ ഒരു എൽ.പി. സ്ക്കൂൾ അനുവദി- ക്കുന്നതിന് സത്വര നടപടി സ്വീക രിക്കുമോ?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) & (ബി)

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പി- ലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. ഓരോ പ്രദേശത്തിന്റെയും വിദ്യാ ഭ്യാസ ആവശ്യം (Educational Need) കണക്കാക്കുന്നതിനായി നടത്തിയ സ്ക്കൂൾ മാപ്പിംഗ് പൂർത്തിയായി ട്ടുണ്ട്. സ്ക്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യം നിലനില്ക്കുന്ന പ്രദേശ ങ്ങളിൽ പുതിയ സ്ക്കൂളുകൾ അനുവദിക്കുകയോ നിലവിലുളളവ അപ്ഗ്രേഡ് ചെയ്യുകയോ ആണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി. മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ പട്ടിയിൽപറമ്പിൽ എൽ.പിസ്ക്കൂൾ അനുവദിക്കണമെന്ന ആവശ്യം വിദ്യാഭ്യാസ അവകാശ നിയമത്തി ലെ വ്യവസ്ഥകളുടെ അടിസ്ഥാന ത്തിൽ, ഇതു സംബന്ധമായ തീരുമാനമെടുക്കുമ്പോൾ പരിശോ- ധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ